

മുതലമടയിലെ കൃഷിക്കാരനായ സുമൻ ഫുക്കുവോക്കയെ നോക്കുന്നു.

# ശൂന്യതയുടെ സ്പർശം

കെ.ബി. സുമൻ

നമ്മുടെ ജീവിതം അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന, അറിവിൽ നിന്നും അറിവിലേയ്ക്ക് മുന്നേറുന്ന ചിന്താപദ്ധതിക്ക് വിരുദ്ധമായി ഫുക്കുവോക്കയിൽ സംഭവിച്ച ഉൾക്കാഴ്ച, അതായത് "ഞാൻ ഒന്നും അറിയുന്നില്ല, മനുഷ്യവംശം ഒന്നുംതന്നെ അറിയില്ല" എന്ന ദർശനം അധികം ചർച്ചചെയ്യപ്പെട്ടിട്ടില്ല.

ലോക യാഥാർത്ഥ്യമായി നാം കൊണ്ടാടുന്ന എല്ലാം, അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന സകല മൂല്യങ്ങളും അസാധാരണമാണെന്ന തിരിച്ചറിവ് അദ്ദേഹത്തെ ജീവിതത്തെ പുതുതായി സമീപിക്കാൻ നിർബന്ധിതനാക്കുന്നു.

ദർശനത്തിന്റെ നിമിഷത്തിൽ അദ്ദേഹത്തിന് സംഭവിച്ച ജാഗ്രത ശ്രദ്ധേയമാണ്. ചെറിയ കിളികളുടെ ശബ്ദവും, മനസ്സിന്റെ മനോഹാരിതയും അറിഞ്ഞ ആ സ്പഷ്ടത തന്നെയായിരിക്കണം ഫുക്കുവോക്കയുടെ കൃഷിരീതിയുടെ ഉറവിടം.

കൃഷിയിടത്തിൽ അദ്ദേഹം നടപ്പിലാക്കിയ പ്രായോഗിക രീതികൾ മനസ്സിലാകുമ്പോൾ തന്നെ അതിലേയ്ക്ക് നയിച്ച അവസ്ഥയും അറിയേണ്ടതുണ്ട്. ഫുക്കുവോക്കയുടെ കൃഷിയെ അറിയാൻ മറ്റൊരു പ്രധാനപ്പെട്ട സൂചന 'ഒറ്റവൈക്കോൽ വിപ്ലവ'ത്തിന്റെ ആമുഖത്തിലുണ്ട്. ഫുക്കുവോക്ക അനുവർത്തിക്കുകയും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായി കൃഷിയിടത്തിൽ നടപ്പിലാക്കി പാലിക്കേണ്ടതുമായ ആഡംബരങ്ങളില്ലാത്ത ശാരീരികാദ്ധ്വാനത്തിന് പ്രാമുഖ്യമുള്ള ജീവിതരീതിയാണത്. തന്റെ സ്വാഭാവിക കൃഷിരീതി നടപ്പിലാക്കാൻ വേണ്ടുന്ന സംവേദനക്ഷമത അതു നൽകുന്നു എന്നാണ് ഫുക്കുവോക്ക വിശ്വസിച്ചിരുന്നത്. തന്നെ അനുകരിക്കാൻ ശ്രമിക്കാതെ സഹജമായി ജീവിക്കാൻ അദ്ദേഹം നിർദ്ദേശിക്കുന്നു. തനിക്ക് പ്രാധാന്യമൊന്നുമില്ലെന്നും എന്നാൽ താനറിഞ്ഞ സത്യം ബൃഹത്തായതാണെന്നും അദ്ദേഹം ഓർമ്മിക്കുന്നു.

*അനുരാഗം/ശ്രദ്ധ, മേച്ചിറ വഴി,*
*മുതലമട, പാലക്കാട്.*

---

എന്തു സംഭവിച്ചുവോ ആവോ!

"പ്രകൃതിയിൽ നാം ഒന്നും ചെയ്യേണ്ട, പ്രകൃതി നമുക്കായി എല്ലാം ചെയ്തുകൊള്ളും". ഇതായിരുന്നു ഫുക്കുവോക്കയുടെ ദർശനമെന്ന് പ്രശസ്ത പരിസ്ഥിതി ചിന്തകൻ ഇവാൻ ഐസൻബർഗ് പറയുന്നു. രാസവളങ്ങൾ തൊട്ടുകൂടാ. ജൈവവളങ്ങൾ മാത്രമേ ആകാവൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. നിലമുഴാതെ, കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാതെ വിത്തിട്ടു വിളവെടുക്കുന്ന രീതി വിശദമാക്കിക്കൊണ്ടുഅദ്ദേഹമെഴുതിയ 'വൺ സ്ട്രോ റവലൂഷൻ' എന്ന ഗ്രന്ഥം ലോകപ്രസിദ്ധമായി. അമേരിക്കയിലും യൂറോപ്പിലും ഇന്ത്യയിലും അദ്ദേഹത്തിന് ആയിരക്കണക്കിന് ആരാധകരുണ്ടായിരുന്നു. പ്രകൃതിസ്നേഹികൾക്കും ജൈവകൃഷിക്കാർക്കും ഇതൊരു പാഠപുസ്തകമായി. ലോകമൊട്ടാകെ ഇംഗ്ളീഷും കൊറിയനും തായിയും ഹിന്ദിയും മലയാളവുമുൾപ്പെടെ നാല്പതിലേറെ ഭാഷകളിൽ അതു വിവർത്തനം ചെയ്യപ്പെട്ടു.

'ഒറ്റ വൈക്കോൽ വിപ്ളവം' എന്ന പേരിൽ സി.പി. ഗംഗാധരൻ 1987-ൽ വിവർത്തനം ചെയ്ത് ആദ്യം ഡോ. കെ. അരവിന്ദാക്ഷനും പിന്നീട് ആൾട്ടർ മീഡിയയും പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പി കിട്ടാൻ നെട്ടോട്ടം നടത്തിയ ഓർമ്മകൾ പേറിക്കൊണ്ടാണു ഞാൻ ഫുക്കുവോക്കയുടെ നാട്ടിലൂടെ ഊരുചുറ്റിയത്.

നെല്ലും അരിയും ചോറും ജപ്പാൻകാരുടെ ജീവിതത്തിലെ അവിഭാജ്യഘടകമാണെന്ന് ഫുക്കുവോക്ക സന്ദർശനം എന്നെ ബോധ്യപ്പെടുത്തി. ഏറ്റവും നല്ല നെല്ല് ഏറ്റവും നന്നായി കൃഷി ചെയ്തുണ്ടാക്കുന്ന അരിയേ അവർ ഉപയോഗിക്കാറുള്ളൂ. ഇത്തരം അരിക്ക് വലിയ വിലയാണുതാനും. സുലഭമല്ലാത്തതിനാൽ അരി ഇപ്പോൾ അവർ ഇറക്കുമതി ചെയ്യുകയാണ്. വ്യവസായവത്കരണംമൂലം കുറഞ്ഞപോയ പാടശേഖരങ്ങളിൽ രണ്ടുതരം കൃഷിയുമുണ്ട്. ഫുക്കുവോക്കയുടെ പാടങ്ങളിൽ കൊയ്യുംമുൻപേ പഴയ വിത്ത് കളിമൺ ഉരുളകളിലാക്കി വലിച്ചെറിയുന്നു. വൈക്കോൽ പിന്നീടു പാടത്തു നിരത്തുന്നു. ഇങ്ങനെ മുളച്ചുണ്ടാകുന്ന നെല്ലിനു നല്ല വിളവും കിട്ടുന്നു.

അവരുടെ കൊച്ചിയിൽ നിന്നു മടങ്ങിയിട്ടും ഫുക്കുവോക്കപ്പാടങ്ങളിലെ മിഴിവാർന്ന പച്ചപ്പ് മനസ്സിൽ മായാത്ത നിറം പകരുന്നു.

*അനുരാഗ്, അമലഗിരി, കോട്ടയം.*
*www.thevillege.org*